# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5294
# 01/07/2019 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ**

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| ആംഗ്ലോ-ഇൻഡ്യൻ മാനേജ്മെന്റുകളുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളുടെ ശോചനീയാവസ്ഥയും സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്ത് അവയുടെ പുനരുദ്ധാരണത്തിനായി നോമിനേറ്റഡ് എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനാവശ്യമായ ഭേദഗതികൾ, പ്രസ്തുത പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | സർക്കാർ അധീനതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) യും എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (MLA SDF)യും ലക്ഷ്യമിടുന്നത്. ആയതിനാൽ പ്രസ്തുത ഫണ്ടുകൾ എയ്ഡഡ് സ്കൂളുകൾക്കായി വിനിയോഗിക്കുന്നതിൽ പരിമിതിയുണ്ട്. എന്നിരുന്നാലും സ.ഉ(അച്ചടി)നം.63/2017/ധന തീയതി 12/05/2017 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഒരു സ്കൂളിന് പരമാവധി 10 ലക്ഷം രൂപ ആസ്തി വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. കൂടാതെ എയ്ഡഡ് സ്കൂളുകളുടെ നവീകരണം ലക്ഷ്യമിട്ട് സർക്കാർ ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ സ.ഉ(അച്ചടി)നം.30/2018/ധന തീയതി 01/03/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതത് മാനേജ്മെന്റുകൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതികമായിട്ടാണ് സർക്കാർ ചലഞ്ച് ഫണ്ട് അനുവദിച്ചുവരുന്നത്. മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1:1 എന്ന അനുപാതത്തിൽ പരമാവധി 1 കോടി രൂപ ഇപ്രകാരം ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്. സർക്കാർ വിഹിതം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് എയ്ഡഡ് സ്കൂളുകളിൽ കെട്ടിടങ്ങൾ, ലൈബ്രറി/ലബോറട്ടറി, ഹൈടെക്ക്/സ്മാർട്ട് ക്ലാസ് റൂമുകൾ, ശുചിമുറി, പാചകപ്പുര/ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും കുടിവെള്ള സൗകര്യം ഒരുക്കുന്നതിനും വിനിയോഗിക്കാവുന്നതാണ്.<br>എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂമുകളും പാചകപ്പുരകളും ടോയ് ലറ്റുകളും നിർമ്മിക്കുന്നതിനും ടോയ് ലറ്റുകളോട് ചേർന്ന് സാനിറ്ററി നാപ്കിൻ വെന്റിംഗ്/ഡിസ്പോയർ മെഷീനുകൾ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ് ഇടുന്നതിനും ടാങ്ക് നിർമ്മിക്കുന്നതിനും/വാങ്ങുന്നതിനും വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനും വാട്ടർ റീചാർജിംങ് സൗകര്യമൊരുക്കുന്നതിനും കഴൽക്കിണർ നിർമ്മിക്കുന്നതിനും ഇതിനോടകം തന്നെ അനുമതി നൽകിയിട്ടുണ്ട് (സ.ഉ(അച്ചടി)നം.161/2017/ധന തീയതി 29/12/2017 അനുബന്ധം 1 ഖണ്ഡികകൾ 29,30,31). എയ്ഡഡ് സ്കൂളുകൾക്കായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടേയും എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടേയും മാനദണ്ഡങ്ങളിൽ കൂടുതൽ ഭേദഗതി വരുത്തുന്നത് നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ